**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പാദന സംഘടനകളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പാദനം, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ രംഗങ്ങളിലെല്ലാം സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി ഈ വർഷം തന്നെ 250 കാർഷികോല്പാദന സംഘടനകൾ (എഫ്.പി.ഒ.) രൂപീകരിക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ കൈവരിക്കാനായ പുരോഗതി അറിയിക്കാമോ; | (എ) | ഈ സാമ്പത്തിക വർഷം സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ.കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ.കളുടെ രൂപീകരണവും, നിലവിലുള്ള 50 എഫ്.പി.ഒ.കളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 20 എഫ്.പി.ഒ.കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. ഇതിനു പുറമേ കേന്ദ്രസർക്കാരിന്റെ വിവിധ ഏജൻസികകൾ വഴി കേരളത്തിൽ 28 FPOകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഘടനകളുടെ രൂപീകരണവും പ്രവർത്തനവും സുഗമമാക്കുന്നതിന് കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കൃഷിയുടെ യന്ത്രവൽക്കരണത്തിനും പൊതു ബ്രാൻഡ് രൂപീകരിച്ച് ലാഭകരമായ വിപണനത്തിനും സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | കൃഷിയുടെ യന്ത്രവല്ക്കരണത്തിനു വേണ്ടി "Sub Mission on Agricultural Mechanisation (SMAM)" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിവിധ ഘടകങ്ങളിലൂടെ ധനസഹായം നൽകി വരുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിലൂടെ പ്രധാനമായും മൂന്നു തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്. (I) വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക |

യന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർക്കും, വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50% വരെയും, മറ്റു കർഷകർക്ക് 40% വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർക്കും വനിതകൾക്കും 50 മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാകുന്നു. (II) വ്യക്തികൾക്കും, കാർഷിക സ്വയം സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവയ്ക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രൊജെക്ടുകൾക്ക് 40% വരെ സബ്സിഡി നൽകുന്നു. (III) കാർഷിക യന്ത്രവൽക്കരണം കുറവായ തെരെഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ,, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, തുടങ്ങിയവയ്ക്ക് 10 ലക്ഷം വരെയുള്ള പ്രൊജെക്ടുകൾക്ക് പരമാവധി 80% വരെ സബ്സിഡി നൽകുന്നു. സംസ്ഥാന ആവിഷ്കൃത പദ്ധതി മുഖേന ബ്ലോക്ക് തലത്തിൽ അഗ്രോ സർവീസ് സെന്ററുകളും ഗ്രാമ പഞ്ചായത്തു തലത്തിൽ കാർഷിക കർമ്മ സേനകളും സ്ഥാപിച്ചു യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അഗ്രോ സർവീസ് സെന്ററുകൾ മുഖേനയും കാർഷിക കർമ്മ സേന യൂണിറ്റുകൾ മുഖേനയും യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി “Support to Zone wise service delivery by strengthening Agro Service Centres and Karshika Karmasena Units” എന്ന പദ്ധതിയ്ക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകി കേരള കാർഷിക സർവകലാശാല വഴി നടപ്പാക്കി വരുന്നു. പൊതു ബ്രാൻഡുമായി ബന്ധപ്പെട്ട താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1.റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതി പ്രകാരം അതിരപ്പള്ളി പഞ്ചായത്തിലെ ആദിവാസികളുടെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധനവ് നടത്തി "അതിരപ്പള്ളി" എന്ന പൊതു ബ്രാൻഡിൽ വിപണനം നടത്തുന്നതിനും, കൃഷി, സംഭരണം, സംസ്കരണം,

| | | | |
|---|---|---|---|
| | | | ബ്രാൻഡിംഗ് എന്നിവയ്ക്കുമായി 3 വർഷത്തേക്ക് 7.91 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2.റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ "തളിർ" എന്ന ബ്രാൻഡിൽ പഴം പച്ചക്കറികളും,അവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും "തളിർ ഗ്രീൻ" എന്ന പേരിൽ രൂപീകരിച്ച 63 ചില്ലറ വില്പനശാലകളിലൂടെ വിപണനം നടത്തുന്നു. |

സെക്ഷൻ ഓഫീസർ

**Annexure - I**

**FPOs initiated by VFPCK under Companies Act 1956**

| Sl. No. | District | Name of FPO | Activities Planned |
|---|---|---|---|
| 1 | Thiruvananthapuram | Maranallore SKS Farmer Producer Company Ltd | Marketing of Banana & inputs |
| 2 | Thiruvananthapuram | Kunnathukal Mythri SKS Farmer Producer Company Ltd | Marketing of Banana & inputs |
| 3 | Thiruvananthapuram | Neyyattinkara Mythri SKS Farmer Producer Company Ltd | Marketing of Banana |
| 4 | Thiruvananthapuram | Kattakkada Mythri SKS Farmer Producer Company Ltd | Marketing of Banana & inputs |
| 5 | Kollam | Vettiyar Mythri Farmer Producer Company Ltd | Marketing of Banana |
| 6 | Pathanamthitta | Paracode Mythri Farmer Producer Company Ltd | Marketing of Banana |
| 7 | Kottayam | Kaduthuruthy Mythri Farmer Producer Company Ltd | Banana powder making & Input Marketing |
| 8 | Kottayam | Kuravilangad Mythri Farmer Producer Company Ltd | Marketing & Exporting of Primary Processed Products, retail network |
| 9 | Kottayam | Pala Mythri Farmer Producer Company Ltd | Value addition & Processing of spices, banana, tapioca and minor tubers Input Marketing |
| 10 | Idukki | Adimali Mythri Farmer Producer Company Ltd | Processing & marketing of tuber crops (tapioca & cylinder coleus) |
| 11 | Ernakulam | Kadungallur Mythri Farmer Producer Company Ltd | Banana export |
| 12 | Ernakulam | Kanjoor Mythri Farmer Producer Company Ltd | Trading of spices |
| 13 | Ernakulam | Vengola Mythri Farmer Producer Company Ltd | Value addition of Pineapple & its marketing & Export |
| 14 | Palakkad | Perumatti Mythri Farmer Producer Company Ltd | Export of Mango |
| 15 | Malappuram | Thiruvali Mythri Farmer Producer Company Ltd | Value addition of Tapioca |
| 16 | Malappuram | Othayi Mythri Farmer Producer Company Ltd | Export & Value addition of Banana |
| 17 | Kozhikode | Kakkur VFPCK Farmer Producer Company Ltd | Trading of inputs |
| 18 | Kozhikode | Koodaranji VFPCK Farmer Producer Company Ltd | Export of Banana |

| | | | |
|---|---|---|---|
| 19 | Kozhikode | Kudiyathoor VFPCK Farmer Producer Company Ltd | Export of Banana |
| 20 | Kannur | Mattannur Mythri Farmer Producer Company Ltd | Export of Banana & Vegitables |

**FPOs initiated by SFAC**

| Sl. No. | Name of District | Name of FPO | CROP DETAILS |
|---|---|---|---|
| 1 | Ernakulam | Angamaly Nutmeg FPO | Nutmeg and other Spices, Banana, Vegetables, Cocunut |
| 2 | Ernakulam | Perumbavoor Block Tapioca Farmers FPO | Tapioca and other Tubers, Banana, Vegetables, Coconut |
| 3 | Ernakulam | Muvattupuzha Pineapple Farmers | Pineapple, Banana, Vegetables, Tubers |
| 4 | Kannur | Malabar Kaipad Farmer Producer Company | Kaipad Rice, Banana, Vegetables, Tubers |
| 5 | Malappuram | Edayur Chilly Growers Association | Edayur Chilly, Banana, Vegetables, Tubers |
| 6 | Malappuram | The Perinthalmanna Farmer Producer Organization | Banana, Vegetables, Tubers |
| 7 | Malappuram | Tirur Vettila Ulpadakk Sangam | Tirur Vettila, Banana, Tubers, Coconut |
| 8 | Palakkad | Vilamai Ulpathi Koottam | Millets, Vegetables |
| 9 | Thiruvananthapuram | Banana Export FPO, VFPCK | Banana |
| 10 | Thrissur | Athirappally Tribal Valley Farmer Producer Organization | Millets, Spices, All products collected by the tribal people from the forest |
| 11 | Thrissur | Ollur Krishi Samruthi | Banana, Vegetables, Tubers, Coconut |
| 12 | Thrissur | Banana Export FPO, VFPCK | Banana |
| 13 | Wayanad | Banana Export FPO, VFPCK | Banana |